## കേരള സർക്കാർ

### സംഗ്രഹം

സാംസ്കാരിക കാര്യ വകുപ്പ്- പുരാവസ്തു, പുരാരേഖാ, മ്യൂസിയം വകുപ്പ് - മ്യൂസിയങ്ങളിലെയും സ്മാരകങ്ങളിലെയും സന്ദർശനം നിബന്ധനകൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

### സാംസ്കാരിക കാര്യ (ബി) വകുപ്പ്

**സ.ഉ.(കൈ) നം.8/2021/സാം.കാ.വ.** **തീയതി, തിരുവനന്തപുരം.14.02.2021**

==========================================================================

പരാമർശം :- അഡീഷണൽ ചീഫ് സെക്രട്ടറി 01.01.2021-ൽ വകുപ്പ് മേധാവികളുമായി നടത്തിയ ചർച്ച

## ഉത്തരവ്

സംസ്ഥാനത്തെ പുരാവസ്തു, പുരാരേഖാ, മ്യൂസിയം വകുപ്പുകൾക്ക് കീഴിലുള്ള മ്യൂസിയങ്ങളിലും സ്മാരകങ്ങളിലും സന്ദർശനം സംബന്ധിച്ച് നിലവിലുള്ള ചില പൊതു നിബന്ധനകൾ പരിഷ്കരിക്കുന്ന വിഷയം വകുപ്പ് മേധാവികളുടെ യോഗത്തിൽ പരിഗണിക്ക കയുണ്ടായി. ഇത്തരം സ്ഥാപനങ്ങളിൽ നിലനിൽക്കുന്ന ചില കാലഹരണപ്പെട്ട വ്യവസ്ഥകൾ പരിഷ്കരിച്ച് അവ ആധുനിക മ്യൂസിയം മാനേജ്മെന്റ് സങ്കൽപ്പങ്ങൾക്ക് അനുസൃതമാക്കേണ്ടതുണ്ട്.

സർക്കാർ ഈ വിഷയം പരിശോധിച്ചു. പുരാവസ്തു, പുരാരേഖാ, മ്യൂസിയം വകുപ്പുകൾക്ക് കീഴിലുള്ള മ്യൂസിയങ്ങളിലെയും സ്മാരകങ്ങളിലെയും സന്ദർശകർ പാലിക്കേണ്ട നിബന്ധനകളിൽ താഴെ പറയുന്ന പൊതു പരിഷ്കരണങ്ങൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. മ്യൂസിയങ്ങളിലും സ്മാരകങ്ങളിലും നിലവിലുള്ള ഫോട്ടോഗ്രാഫി / വീഡിയോഗ്രാഫി സംബന്ധമായ പൊതു നിരോധനം നീക്കം ചെയ്യുന്നു. എന്നാൽ മ്യൂസിയത്തിന് ഉള്ളിൽ ഫോട്ടോഗ്രാഫി / വീഡിയോഗ്രാഫി ആവശ്യങ്ങൾക്കായി ഫ്ലാഷ് ഉപയോഗിക്കാൻ പാടുള്ളതല്ല. പ്രൊഫഷണൽ ക്യാമറകൾ ഉപയോഗിച്ചുള്ള ഫോട്ടോഗ്രാഫി വീഡിയോഗ്രാഫി എന്നിവക്ക് പ്രത്യേക അനുമതി വാങ്ങേണ്ടതാണ്. അത്തര ഫോട്ടോഗ്രാഫി / വീഡിയോഗ്രാഫി ഫീസ് സംബന്ധമായ നിരക്കുകൾ നിശ്ചയിക്കുന്നതിന് വകുപ്പ മേധാവികൾ പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്. കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ചട്ടങ്ങളിലെയും പ്രസക്തമായ മറ്റ ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം സ്മാരകങ്ങളിലെയും മ്യൂസിയങ്ങളിലെയു ഫോട്ടോഗ്രാഫി / വീഡിയോഗ്രാഫി പ്രത്യേകം നിരോധിച്ചിട്ടുള്ള ഇടങ്ങൾ ഉണ്ടെങ്കിൽ അവ പ്രത്യേകം രേഖപ്പെടുത്തി വകുപ്പ് മേധാവികൾ പ്രസിദ്ധീകരിക്കുന്നതാണ്.

2. സ്മാരകങ്ങളിലും മ്യൂസിയങ്ങളിലും പ്രവേശിക്കുന്നവർ പാദരക്ഷകൾ ധരിക്കാൻ പാടുള്ളതല്ല എന്ന പൊതു നിരോധനം നീക്കം ചെയ്യുന്നു. പാദരക്ഷകൾ ഉപയോഗിക്കുന്നത് മൂലം സ്മാരകങ്ങളിൽ എന്തെങ്കിലും കേടുപാടുകൾ സംഭവിക്കുന്നുണ്ടോ എന്ന് ക്യൂറേറ്റർമാർ നിരീക്ഷിക്കേണ്ടതാണ്.

3. സന്ദർശകർക്ക് ഒപ്പം എത്തുന്ന സർക്കാർ അംഗീകൃത ഗൈഡുമാർക്ക് മ്യൂസിയങ്ങൾ / സ്മാരകങ്ങൾ എന്നിവിടങ്ങളിൽ സൗജന്യ പ്രവേശനം അനുവദിക്കാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**അജിത്.കെ.ജോസഫ്**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ്

ഡയറക്ടർ, പുരാവസ്തുവകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, പുരാരേഖാവകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, മ്യൂസിയം മൃഗശാലാവകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**